**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2901** **28-02-2023 - ൽ മറുപടിയ്ക്ക്**

**താത്കാലിക ബണ്ട് നീക്കം ചെയ്യാനുള്ള നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം വട്ടതല ഭാഗത്ത് ഡി.പി. വേൾഡ് എന്ന കമ്പനി നിർമ്മിച്ച താത്കാലിക ബണ്ട് നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (എ) | വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താല്കാലിക ബണ്ടും നിർമ്മാണവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതു മായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. എന്നാൽ പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി (സി)24027/2021, ഡബ്ല്യൂ.പി(സി)23911/ 2018 എന്നീ കേസുകൾ നിലവിലുണ്ട്. ടി വിഷയത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഉത്തരവാദിത്വം തീരുമാനിക്കുന്നതിനും ബഹു.ഹൈക്കോടതി ഇറിഗേഷൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ